**Malayala Manorama**

**18 August 2018**

**Thrippunithura, Flood Relief, Relief Camps**

# ദുരിതത്തെ ചെറുക്കാൻ കൂട്ടായ്മയുടെ മാതൃക

തൃപ്പൂണിത്തുറ ● കൂട്ടായ്മയുടെ മാതൃകയായി തൃപ്പൂണിത്തുറയിലെ ദുരിതാശ്വാസ ക്യാംപുകൾ. സന്നദ്ധസംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, മത സംഘടനകൾ, യുവാക്കൾ, ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനം നാടിനു തന്നെ മാതൃകയാകുകയാണ്.

തൃപ്പൂണിത്തുറ ഗവ. ബോയ്സ് സ്കൂൾ, എരൂർ കെഎംയുപി സ്കൂൾ, ചൂരക്കാട് യുപി സ്കൂൾ, ഭാസ്കരൻ കോളനി എന്നിവിടങ്ങളിലാണ് നഗരസഭയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നത്. ദുരിതം അനുഭവിക്കുന്നവർക്കു സഹായമായി നാട് മുഴുവനും കൂടെയുണ്ട് എന്നു തോന്നിപ്പിക്കുന്ന വിധമാണു നാട്ടുകാരുടെ പ്രവർത്തനം. തൃപ്പൂണിത്തുറ നഗരസഭാധ്യക്ഷ ചന്ദ്രികാ ദേവിയടക്കം എല്ലാ ജന പ്രതിനിധികളും ഇവരുടെ ക്ഷേമം അന്വേഷിച്ചും ആശ്വാസം പകർന്നും ക്യാംപുകളിൽ നിത്യവും സന്ദർശിക്കുന്നുണ്ട്.

ക്യാംപിൽ കഴിയുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങളും ഭക്ഷണം, വെള്ളം, മരുന്ന് തുടങ്ങിയവയും ഒരുക്കിയിട്ടുണ്ട്. വ്യാഴം മുതൽ ജോലിയിൽ നിന്നെല്ലാം അവധിയെടുത്തു സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഒരുങ്ങിയാണു സമീപവാസികൾ ഇവിടെ എത്തിച്ചേർന്നത്. വ്യാഴം രാവിലെ മുതൽ ഒട്ടേറെ സാധനങ്ങളാണു ക്യാംപുകളിലേക്കു വിവിധ സംഘടനകളുടെ നേതൃത്വത്തിൽ എത്തിക്കൊണ്ടിരിക്കുന്നത്. ഇവയെല്ലാം ഏകോപിപ്പിക്കാൻ നഗരസഭ സെക്രട്ടറി, വില്ലേജ് ഓഫിസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ ഊണും ഉറക്കവും ഉപേക്ഷിച്ചു രംഗത്തുണ്ട്.

ഉദയംപേരൂർ പഞ്ചായത്തിലെ ദുരിതാശ്വാസ ക്യാംപായ ഗവ. ജെബി സ്കൂളിലേക്കും സന്നദ്ധ പ്രവർത്തകരുടെ സഹായം എത്തുന്നുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ജോൺ ജേക്കബിന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിലാണ് ഇവിടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. എം. സ്വരാജ് എംഎൽഎ, ജോസഫ് മാർ ഗ്രിഗോറിയോസ് തുടങ്ങിയവരും ക്യാംപുകൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ വാഗ്ദാനം ചെയ്തു.